# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്മല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P1/1820/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P1/1820/2023 തീയ്യതി: 13/11/2023

## കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ ജി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ.രാജൻ വി.ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജയകുമാരി അമ്മ.ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ശ്രീകുമാർ എസ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ശശിധരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ കുമാർ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലത എൽ.ജി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. അഭിലാഷ് എസ്.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-09-2022 |
| ശ്രീ.ബിനിൽകുമാർ എസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി അംജദ ഹബീബ് | കൃഷി ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീ.അജയകുമാർ ബി | കൃഷി ഓഫീസർ | 31-07-2022 | 31-03-2023 |
| ശ്രീമതി ശ്രീലത എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.രശ്മി യു ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി അശ്വതി പി.എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. മണിമോഹൻ പി | വെറ്റിനറി സർജൻ | 01-04-2022 | 24-09-2022 |
| ഡോ ടിൻസി മേരി ജോൺ | വെറ്റിനറി സർജൻ | 25-09-2022 | 31-03-2023 |
| ശ്രീ. അഭിലാഷ് ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി നജ്മുന്നിസ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി രാഖികൃഷ്ണൻ | വി.ഇ.ഒ | 24-12-2022 | 09-02-2023 |
| ശ്രീ.ഇ എ സുരേഷ് | വി.ഇ.ഒ | 10-02-2023 | 31-03-2023 |
| ശ്രീമതി അനുപമ സി.ജോസഫ് | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1.01 |
| 3 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.02 |
| 4 | CFC - Tied & Untied ചെലവ് തുക AFS-മായി പൊരുത്തപ്പെടുന്നില്ല. | 1-1.03 |
| 5 | CFC - Tied & Untied ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1.04 |
| 6 | CFC - Tied & Untied ബാങ്ക് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1.05 |
| 7 | KURDFC – ലോൺ തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.06 |
| 8 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1.07 |
| 9 | റീക്കൺസിലിയേഷൻ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തു. | 1-1.08 |
| 10 | TSC അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.09 |
| 11 | ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. | 1-1.10 |
| 12 | രജിസ്റ്ററും വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.11 |
| 13 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദാംശം വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1.12 |
| 14 | വിധവാ പെൻഷൻ ചെലവ് AFS ൽ ഉൾപ്പെട്ടില്ല. | 1-1.13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-11 |
| 25 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു. | 1-12 |
| 26 | തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-13 |
| 27 | ഓൺലൈനായി ഒടുക്കിയ തുകകൾ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല. | 1-14 |
| 28 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. 1,63,957/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 29 | ഉത്തരവിനു വിരുദ്ധമായി വി.ജി.എഫ് ഫണ്ട് ചെലവഴിച്ചു. | 1-16 |
| 30 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല. | 1-17 |
| 31 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 1-18 |
| 32 | കിണർ ചുറ്റുമതിൽ നിർമ്മാണം - വാല്യുവേഷനില്ലാതെ തുക അനുവദിച്ചു. | 1-19 |

| | | |
|---|---|---|
| 33 | ക പട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 34 | ചിറ്റാലംകോട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 452 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്തില്ല. | 1-21 |
| 35 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-22 |
| 36 | ഇൻഷുറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല. | 1-23 |
| 37 | Compensation For Delay/Liquidated Charges ഈടാക്കിയില്ല. | 1-24 |
| 38 | പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനം. | 1-25 |
| 39 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 1-26 |
| 40 | ഹരിതകർമ്മസേന - പ്രവർത്തനങ്ങൾ | 1-27 |
| 41 | തനത് വരുമാനം | 1-28 |
| | ഭാഗം **2** | |
| 1 | ചിറ്റാലംകോട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 452 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്തില്ല. | 2-1 |
| 2 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. | 2-2 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ തെന്മല ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 07.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട്ടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.01 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1.02 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്റ്റ് നം. | തുക (രൂപ) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 159/23 | 10,800/- |
| വികസന ഫണ്ട് (ജനറൽ) | 203/23 | 1,43,700/- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 133/23 | 17,06,987/- |

### 1-1.03 CFC - Tied & Untied ചെലവ് തുക AFS-മായി പൊരുത്തപ്പെടുന്നില്ല.

| | യഥാർത്ഥ ചെലവ് ₹ | AFS പ്രകാരം ₹ |
|---|---|---|
| Tied (Bank) | 71,20,928/- | 36,95,013/- |
| Untied (Bank) | 57,88,374/- | 92,14,287/- |

### 1-1.04 CFC - Tied & Untied ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

CFC - Tied & Untied ബി - 4 ഷെഡ്യൂൾ പ്രകാരം 1,06,50,297/- രൂപയാണ്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം 1,07,82,204/-രൂപയാണ്.

1-1.05 CFC - Tied & Untied ബാങ്ക് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

CFC – Tied & Untied ബി – 4 ഷെഡ്യൂൾ പ്രകാരം (2021-22) 97,30,325/-രൂപയാണ്. എന്നാൽ ബാങ്ക് പ്രകാരമുള്ള മുന്നിരിപ്പ് 86,40,248/-രൂപയാണ്.

1-1.06 KURDFC – ലോൺ തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ലോൺ മുന്നിരിപ്പ് തുക 3,39,00,961/-രൂപയും (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) നീക്കിയിരുപ്പ് 5,29,88,361/-രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം Loan Outstanding മുന്നിരിപ്പ് 4,20,69,366/-രൂപയും നീക്കിയിരുപ്പ് 6,11,56,766/-രൂപയുമാണ്. ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ലൈഫ് – വിനിയോഗ വിവരം കൃത്യമായി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1.07 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 53,35,617/-രൂപ ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. അവ നിക്ഷേപിച്ചിരിക്കുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് 3,60,000/-രൂപയാണ്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പില്ല.

1-1.08 റീക്കൺസിലിയേഷൻ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തു.

TSB – Joint Venture A/C നീക്കിയിരുപ്പ് 3,60,000/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. റീക്കൺസിലിയേഷൻ പത്രികയിൽ ടി തുക ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതായി കാണിച്ചിരിക്കുന്നു.

1-1.09 TSC അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

SBT-TSC അക്കൗണ്ട് നം. 67086149251 പ്രകാരം നീക്കിയിരിപ്പ് 13,64,918/-രൂപയാണ്. എന്നാൽ ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി ഉൾപ്പെട്ട തുക 42,71,706/-രൂപയാണ്.

1-1.10 ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ ചുവടെപ്പറയുന്ന ശീർഷകങ്ങളിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ശീർഷകം | തുക (രൂപ) |
|---|---|
| 320100152 | 49,767/- |
| 320100999 | 38,771/- |
| 320200305 | 60,750/- |
| 320200399 | 1,449/- |

1-1.11 രജിസ്റ്ററും വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം ₹ | AFS പ്രകാരം ₹ |
|---|---|---|
| Contractors Retention | 2,27,498/- | 1,28,333/- |
| Other Deposits | 9,100/- | 0 |

1-1.12 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദാംശം വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയില്ല.

K.S.E.B, K.W.A, G.W.D എന്നീ ഏജൻസികളിലേക്ക് നൽകിയ തുകയുടെ വിശദാംശം (വിനിയോഗിക്കാൻ അവശേഷിക്കുന്നത്) വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

K.S.E.B – ₹ 14,70,781/-

K.S.E.D.C – ₹ 3,91,689/-

K.W.A – ₹ 10,00,000/-

G.W.D – ₹ 1,29,600/-

1-1.13 വിധവാ പെൻഷൻ ചെലവ് AFS ൽ ഉൾപ്പെട്ടില്ല.

വിധവാ പെൻഷൻ ഇനത്തിലുള്ള 1,64,77,200/-രൂപയുടെ ചെലവ് AFS ൽ ഉൾപ്പെടുത്തിയില്ല.

1-2 ബജറ്റ്

24-03-2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23-03-2023 ലെ 1(1) നമ്പർ

തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,60,83,695/-രൂപ |
| വരവ് | 8,29,13,968/-രൂപ |
| ആകെ | 9,89,97,663/-രൂപ |
| ചെലവ് | 7,89,73,947/-രൂപ |
| നീക്കിയിരിപ്പ് | 2,00,23,716/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 1,04,405/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | 37,571/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 36,85,277/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവ് – ചെലവുകൾ, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,15,25,000/- | 3,15,25,000/- | 2,85,31,383/- | 29,93,617/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,04,72,000/- | 1,04,72,000/- | 77,09,096/- | 27,62,904/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 12,16,000/- | 12,16,000/- | 11,04,442/- | 1,11,558/- |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 90,15,000/- | 90,15,000/- | 39,23,940/- | 50,91,060/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 99,10,000/- | 99,10,000/- | 88,93,775/- | 10,16,225/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) (ACR പ്രകാരം) | 65,54,583/- | 80,59,000/- | 1,46,13,583/- | 71,20,928/- | 74,92,655/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 31,75,744/- | 57,70,272/- (₹3,97,272/- Interest) | 89,46,016/- | 57,88,374/- | 31,57,642/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | - | 14,01,652/- | 14,01,652/- | 12,71,879/- | 1,29,773/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | - | 18,50,361/- | 18,50,361/- | 11,31,977/- | 7,18,384/- |
| ദുരിതാശ്വാസ നിധി | 15,041/- | 602/- | 15,643/- | - | 15,643/- |
| സാക്ഷരത | 26,042/- | - | 26,042/- | - | 26,042/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ICDS | 35,57,758/- | 12,65,640/- | 48,23,398/- | 5,93,271/- | 42,30,127/- |
| TSC | 42,72,355/- | - | 42,72,355/- | 649/- | 42,71,706/- |
| MGNREGS | 1,55,197/- | 14,10,286/- | 15,65,483/- | 15,65,483/- | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ലൈഫ് – സ്റ്റേറ്റ് ഷെയർ | 21,13,200/- | 13,00,000/- | 34,13,200/- | 24,71,039/- | 9,42,161/- |
| NHM | - | 4,60,628/- | 4,60,628/- | 90,000/- | 3,70,628/- |

| | | | | | |
|---|---|---|---|---|---|
| Water Supply Scheme | - | 10,00,000/- | 10,00,000/- | - | 10,00,000/- |
| ശുചിത്വ മിഷൻ | - | 1,20,000/- | 1,20,000/- | - | 1,20,000/- |
| NRHM | - | 4,50,000/- | 4,50,000/- | - | 4,50,000/- |
| Awards & Honours | 1,00,000/- | - | 1,00,000/- | - | 1,00,000/- |

CFC - Tied & Untied മുന്നിരിപ്പ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 27,29,31,955/- | 142 | 10,43,69,968/- | - | 64 | 68.9% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,55,197/- | 14,10,286/- | 15,65,483/- | 15,65,483/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,44,94,795/- | 7,44,94,795/- | 7,44,94,795/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | - |
| കർഷകതൊഴിലാളി പെൻഷൻ | 54,09,300/- |
| വിധവാപെൻഷൻ | - |
| വാർദ്ധക്യകാലപെൻഷൻ | 3,86,32,200/- |
| വികലാംഗപെൻഷൻ | 38,83,600/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,97,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-10-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 219/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

* ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 30.08.2021 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.

* ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകൾ ഉപയോഗിച്ചുവരുന്നു.

*ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

* റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

* ഹരിതകർമസേന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. സേനാംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കും വിധമുള്ള ഭൗതിക സാഹചര്യങ്ങൾ അടിയന്തിരമായി സജ്ജമാക്കേണ്ടതാണ്.

* 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻ ഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

* രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപ്പാദനം, സേവനം

എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

* ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. മരുന്നുകൾ യഥാസമയം തന്നെ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

* പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചുള്ള കൃത്യത ഉറപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് - കേരള വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നില്ല എന്ന് ഉറപ്പാക്കി തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31-01-23 | 2021-22 | 31-01-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/07/2016 | 2011-12 - 2015-16 | 07-10-2016 |

## 1-11 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 10 ൽ 859 മുതൽ 872 വരെ കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ, ആർ.കെ.പി ബിൽഡിംഗ്, ഇടമൺ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 859 മുതൽ 872 വരെ കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിൽ ലക്കി ഹൈപ്പർ മാർക്കറ്റ് എന്ന പേരിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്. ആകെ വിസ്തീർണ്ണം 393.28 ച.മീറ്ററുള്ള മേൽ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവയായി വിഭജിച്ച് 14 കെട്ടിടനമ്പറുകൾ നൽകി 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 40/-രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ചയിച്ചത്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. പ്രകാരം 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതുപ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | ഉപയോഗക്രമം/നിരക്ക് | നിശ്ചയിച്ച വസ്തുനികുതി 20% വർദ്ധനവ് (₹) | വിസ്തീർണ്ണം (ച.മി.) | ഉപയോഗക്രമം/ നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 10/ 859 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 860 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 861 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 862 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 28.8 ച.മി. | വാണിജ്യം/ 40 ച.മീ | 1,383/- | 28.8 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,110/- | 1,727/- |
| 10/ 863 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.4 ച.മി. | വാണിജ്യം/ 40 ച.മീ | 1,460/- | 30.4 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,283/- | 1,823/- |
| 10/864 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.86 ച.മി. | വാണിജ്യം/ 40 ച.മീ | 1,482/- | 30.86 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,332/- | 1,850/- |
| 10/ 865 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 32.78 ച.മി. | വാണിജ്യം/ 40 ച.മീ | 1,574/- | 32.78 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,540/- | 1,966/- |
| 10/ 866 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10/ 867 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 24.6 ച.മി | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |
| 10/ 868 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 24.6 ച.മി | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |
| 10/ 869 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 28.8 ച.മി | വാണിജ്യം/ 40 ച.മീ | 1,383/- | 28.8 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,110/- | 1,727/- |
| 10/ 870 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 30.4 ച.മി | വാണിജ്യം/ 40 ച.മീ | 1,460/- | 30.4 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,283/- | 1,823/- |
| 10/ 871 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 30.86 ച.മി | വാണിജ്യം/ 40 ച.മീ | 1,482/- | 30.86 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,332/- | 1,850/- |
| 10/ 872 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യാംലാൽ | 32.78 ച.മി | വാണിജ്യം/ 40 ച.മീ | 1,574/- | 32.78 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,540/- | 1,966/- |
| | | | ആകെ | 19,064/- | | | 42,466/- | 23,402/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം- 03/16-10-2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 90/-രൂപ നിരക്കിൽ പുനർ നിർണ്ണയിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടം ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 3/16-10-2023

നഷ്ടം – 23,402/-രൂപ

1-12 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു.

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവ് നൽകുന്നു. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11 ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ അനുവദനീയമല്ലാത്തതും, ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കാവുന്നതുമാണ്. 10-11-2011 ലെ 4-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി നികുതിയിളവ് നൽകുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗക്രമം | നിരക്ക് (ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക(രൂപ) |
|---|---|---|---|---|---|---|---|---|
| 1 | 7 | 654 | ജിൽസ് കെ | 197.66 | പാർപ്പിടം | 7 | 1385.02 | 138/- |
| 2 | 7 | 656 | നന്ദിനി ഷിനു | 106.4 | പാർപ്പിടം | 7 | 744.8 | 74/- |
| 3 | 12 | 679 | നൗഷാദ്.എച്ച് | 119.3 | പാർപ്പിടം | 7 | 835.31 | 83/- |
| 4 | 10 | 950 | ഷിനി.സജി സജി.ജി | 125 | പാർപ്പിടം | 7 | 875.28 | 87/- |
| 5 | 5 | 826 | ജെസ്സിമോൾ | 63 | പാർപ്പിടം | 7 | 441 | 44/- |
| 6 | 6 | 758 | സുഹറബീവി | 62.2 | പാർപ്പിടം | 7 | 435 | 43/- |
| 7 | 4 | 856 | വിനിതാചന്ദ്രൻ | 80 | പാർപ്പിടം | 7 | 560 | 56/- |
| 8 | 4 | 741 | രാധാമണി | 195.29 | പാർപ്പിടം | 7 | 1367 | 137/- |
| 9 | 11 | 885 | സുമിതാബീഗം | 97.15 | പാർപ്പിടം | 7 | 680 | 68/- |

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന്

നടപടി സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-13 തൊഴിൽനികുതി ഈടാക്കുന്നില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പുഷ്പഗിരി സ്കൂൾ | 1 & 2 |
| 2 | സെന്റ് ജോസഫ് സ്കൂൾ | 1 & 2 |
| 3 | കാർത്തിക മോട്ടോഴ്സ് | 1 & 2 |
| 4 | ബീവറേജസ് കോർപ്പറേഷൻ | 1 & 2 |
| 5 | തെന്മല എക്കോ റിസോർട്ട് | 1 & 2 |

മുകളിൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയും റേഷൻ കടകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(3) പഞ്ചായത്ത് പരിധിയിൽ നിരവധി റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 ഓൺലൈനായി ഒടുക്കിയ തുകകൾ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.

ഓൺലൈൻ ഇടപാടുകൾക്കായുള്ള എസ്.ബി.ഐ. തെന്മല ശാഖയിലെ 67394692925-ാം നമ്പർ അക്കൗണ്ടിന്റെ 30-09-2023 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2022-23 ൽ വസ്തുനികുതിയിനത്തിൽ ഓൺലൈനായി അടവാക്കിയ 4,801/-രൂപ അക്കൗണ്ടിൽ ക്രഡിറ്റ് ആകാൻ അവശേഷിക്കുന്നു. വസ്തുനികുതി ഓൺലൈനായി അടവാക്കിയ വേളയിൽ തന്നെ സഞ്ചയയിൽ വസ്തുനികുതി ക്രെഡിറ്റാവുകയും ഡിമാന്റിൽ കുറവ് വരുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ | അടവാക്കിയ തീയതി | തുക(രൂപ) |
|---|---|---|---|
| 1 | 11/106 | | |
| 2 | 11/107 | 16/03/2023 | 341/- |
| 3 | 14/855 | 27/02/2023 | 1,414/- |
| 4 | 5/148 | 26/10/2022 | 1,442/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം-1) മേൽ പറഞ്ഞ ഓൺ ലൈനായി അടവാക്കിയ വസ്തുനികുതി തുക IKM നാളിതുവരെ പഞ്ചയത്തിന്റെ E-payment അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ലായെന്നും ഈ തുക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഈ തുക അക്കൗണ്ടിൽ നിക്ഷേപിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-15 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. 1,63,957/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണ ഉദ്യേഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | അടങ്കൽ (₹) | ചെലവ് തുക (₹) | ബിൽ നം./തീയതി | ഹോംകോയ്ക്ക് നൽകിയ തുക (₹) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 3/23 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന | 3,00,000/- (മെയി. ഫണ്ട്-റോഡിതരം) | 3,00,000/- | 229/1-12-22 | 3,00,000/- | 1,63,957/- |

| | | | | | |
|---|---|---|---|---|---|
| വാങ്ങൽ | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻഗണനാക്രമത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചതായി മറുപടി ലഭ്യമാക്കി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,63,957/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 1,63,957/-രൂപ.

ഓഡിറ്റ് എൻക്വയറി നം. : 2/13-10-23.

1-16 ഉത്തരവിനു വിരുദ്ധമായി വി.ജി.എഫ് ഫണ്ട് ചെലവഴിച്ചു.

പ്രോജക്ട് നം – 79/23

അടങ്കൽ - 3,50,000/-രൂപ (CFC)

ചെലവ് - 3,05,250/-രൂപ (ബിൽ നം.48/20.6.22)

ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ് ഫണ്ട് അനുവദിക്കുന്നതിനായി 3,05,250/-രൂപ ചെലവഴിച്ചു. 12.10.2021 ലെ ജി.ഒ(ആർ.ടി)1972/2021/LSGD നം.ഉത്തരവു പ്രകാരം ഹരിത കർമ്മസേനയുടെ വരുമാനക്കുറവ് നികത്തുന്നതിനായി 2021 ജൂൺ മാസം മുതൽ 4 മാസത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ചെലവഴിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം 2/22, 3/22 മാസങ്ങളിലെ പ്രവർത്തനങ്ങൾക്കാണ് (പ്ലാസ്റ്റിക്ക് തരംതിരിക്കൽ, വാഹനവാടക) ഹരിത കർമ്മസേനാംഗങ്ങൾക്ക് തുക അനുവദിച്ചു നൽകിയിട്ടുള്ളത്. മേൽ ഉത്തരവു പ്രകാരം 11/2022 മുതൽ ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതല്ല. ആയത് അനുവദിക്കാമെന്നതു സംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 3,05,250/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക - 3,05,250/-രൂപ

ഓഡിറ്റ് എൻക്വയറി നം.17/18.10.2023

1-17 മഴക്കാല പൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല.

2022-23 ൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 1,50,000/-രൂപ ചെക്ക് നം. 593023/15.6.22 പ്രകാരം മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/18.10.23

തടസ്സപ്പെടുത്തിയ തുക - 1,50,000/-രൂപ

1-18 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

ലൈഫ് ഭവന പദ്ധതി (ജനറൽ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ശ്രീ.രാജു, നാഗമല എസ്റ്റേറ്റ്, കുറവൻതാവളം | 40,000/-<br>1,60,000/- | 46/22/16.2.2022<br>93/23/17.3.2023 |
| 2 | ശ്രീമതി.സിനി.എൽ, എസ്റ്റേറ്റ് ക്വാർട്ടേഴ്സ്, ചാലിയക്കര | 40,000/- | 68/23/7.2.2023 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഈ വ്യക്തികളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/17.10.2023

1-19 കിണർ ചുറ്റുമതിൽ നിർമ്മാണം - വാല്യുവേഷനില്ലാതെ തുക അനുവദിച്ചു.

പ്രോജക്ട് നം - 41/23

അടങ്കൽ – 8,00,000/-രൂപ (CFC)

ചെലവ് - 24,000/-രൂപ (ബിൽ നം.409/16.3.2023)

കിണർ ചുറ്റുമതിൽ നിർമ്മാണം (ജനറൽ) എന്ന പ്രോജക്ട് പ്രകാരം 24,000/-രൂപ വാല്യുവേഷനില്ലാതെ അനുവദിച്ചു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 1 | ശ്രീമതി.ജയമോൾ.എ | 8,000/- |
| 2 | ശ്രീ.ശരവണകുമാർ | 8,000/- |
| 3 | ശ്രീ.കുഞ്ഞ്കുഞ്ഞ് | 8,000/- |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022 തസ്വഭവ തീയതി 28.5.22 പ്രകാരം എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 24,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.9/17.10.2023

തടസ്സം – 24,000/-രൂപ

1-20 ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം – 196/23

അടങ്കൽ - 50,000/-രൂപ (തനതുഫണ്ട്)

ചെലവ് – 50,000/-രൂപ (ചെക്ക് നം.817527/29.3.23)

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിച്ച അജൈവ മാലിന്യങ്ങൾ ചിറ്റാലംകോട് എം.സി.എഫിലേക്ക് തരംതിരിക്കാൻ കൊണ്ടുപോയയിനത്തിലെ വാഹനവാടക നൽകുന്നതിനായി 50,000/-രൂപ ചെലവഴിച്ചു. ടി തുക ശ്രീ.രാമു എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാ.ധാ.) നം.1496/2020, തീ.12.08.2020 നമ്പർ ഹരിത കർമസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം, ഹരിത കർമ്മസേനയ്ക്ക് വാഹന സൗകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയാണെന്നും വാഹനം വാങ്ങി നൽകുകയോ അല്ലാത്തപക്ഷം വാഹനം വാടകയ്ക്ക് എടുത്ത് നൽകുകയോ ചെയ്യാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാഹനം വാടകയ്ക്കെടുത്തതിന്റെ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

ആയത് ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് രേഖകളൊന്നും മുൻ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയില്ല എന്നും ആയത് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ 50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.9/17.10.2023

തടസ്സം – 50,000/-രൂപ

1-21 ചിറ്റാലംകോട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 452 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്തില്ല.

ചിറ്റാലംകോട് എം.സി.എഫ് ചുറ്റമതിൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും (55/23) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചിറ്റാലംകോട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്തിട്ടുള്ള മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 09-06-2022 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 10 (1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് തെന്മല ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ മണ്ണിന്റെ അളവ് രേഖപ്പെടുത്തുകയും, 23-07-2022 ൽ സെക്രട്ടറിക്ക് നല്കിയ AE/LSGD/TML/2022/07 നമ്പർ കത്ത് പ്രകാരം 81,003/-രൂപ മണ്ണിന് വില വരുന്നതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (452 ക്യൂബിക് മീറ്റർ @179.21/cum = 81,003/-രൂപ) മണ്ണ് ലേലം ചെയ്ത് തുക ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07, തീ 17-10-2023) മണ്ണ് ലേലം ചെയ്തിട്ടില്ലായെന്നും ഇതുമായി ബന്ധപ്പെട്ട തുക ഒന്നുംതന്നെ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം, അസി.എഞ്ചിനീയറുടെ മൂല്യ നിർണ്ണയം എന്നിവ ഉണ്ടായിട്ടും 452 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയോ, ലേലം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ആയതിന്റെ മതിയായ കാരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 452 ക്യൂബിക് മീറ്റർ മണ്ണിന് അസി. എഞ്ചിനീയർ കണക്കാക്കിയ മൂല്യ നിർണ്ണയ തുകയായ 81,003/-രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

ഓഡിറ്റ് അന്വേഷണം നം - 07, തീ 17-10-2023

നഷ്ടം – 81,003/-രൂപ

1-22 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനത്തിൽ ഒടുക്കുവരുത്തിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽ നം/<br>തീയതി |
|---|---|---|---|---|
| 1 | ചിറ്റാലംകോട് കുടിവെള്ള പദ്ധതിക്ക് സൌകര്യം ഒരുക്കൽ (184/23)<br>അടങ്കൽ തുക-129600 (ധ. ക. ഗ്രാന്റ്) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കൊല്ലം | 1,29,600/- | 519<br>തീ-30-03-23 |
| 2 | ജലജീവൻ പദ്ധതിയ്ക്ക് തുക നല്കൽ (66/23) അടങ്കൽ തുക- 10,00,000/-<br>(വികസന ഫണ്ട് | കേരള വാട്ടർ അതോറിറ്റി | 10,00,000/- | 27,<br>തീ 27-01-2023 |
| 3 | പഞ്ചായത്ത് ഓഫീസ് നവീകരണവും, നെറ്റ് വർക്കിംഗ് നവീകരണവും (199/23)<br>അടങ്കൽ തുക – 4,12,854/-<br>(വികസന ഫണ്ട് | കെ.എസ്.ഇ.ഡി.സി | 3,91,689/- | 45,<br>തീ 29-03-23 |
| 3 | തേവർകോട് പദ്ധതിക്ക് വൈദ്യുത കണക്ഷൻ (177/23)<br>അടങ്കൽ തുക- 3,00,000/-<br>(ധ. ക. ഗ്രാന്റ്) | കെ.എസ്.ഇ.ബി, തെന്മല | 2,96,038/- | 519<br>തീ- 30-03-23 |
| 4 | തേവർകോട് പദ്ധതിക്ക് വൈദ്യുത കണക്ഷൻ (177/23)<br>അടങ്കൽ തുക –<br>3,00,000/രൂപ-<br>( ധ. ക. ഗ്രാന്റ്) | കെ.എസ്.ഇ.ബി, പുനലൂർ<br>പുനലൂർ<br>പുനലൂർ<br>പിറവന്തൂർ | 2,48,508/-<br>3,97,672/-<br>2,12,400/-<br>1,95,491/- | 13,തീ.19-09-22<br>22 തീ 11-11-22<br>43,<br>തീ 25-03-23<br>43,<br>തീ 25-03-23 |
| 5 | പത്തേക്കർ കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ (232/23)<br>അടങ്കൽ തുക- 75,000/- | കെ.എസ്.ഇ.ബി പിറവന്തൂർ | 61,201/-<br>13,799/- | 20-03-23<br>28-03-23 |

| | | | | |
|---|---|---|---|---|
| | (തനതുഫണ്ട്) | | | |
| 6 | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (111/23) അടങ്കൽ തുക-75,000/- (തനതുഫണ്ട്) | കെ.എസ്.ഇ.ബി, തെന്മല | 28,048/- | ചെക്ക് നം 817515 തീ 21-03-2023 |
| 7 | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (75/23) അടങ്കൽ തുക-42,851/- (വികസനഫണ്ട്) | കെ.എസ്.ഇ.ബി പുനലൂർ | 17,624/- | 36/ തീ 27-02-23 |
| | | ആകെ | 29,92,070/- | |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 29,92,070/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം – 3, തീ 16-10-2023
തടസ്സപ്പെടുത്തിയ തുക – 29,92,070/-രൂപ

1-23 ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല.

ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ അംഗീകരിച്ച ടെണ്ടർ സംബന്ധിച്ച വിവരം ബന്ധപ്പെട്ട കരാറുകാരനെ അറിയിക്കുന്ന കത്തിലെ (Letter Of Acceptance) വ്യവസ്ഥ 6 പ്രകാരം അംഗീകരിച്ച കരാറുകാരൻ ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതാണ്. ഇപ്രകാരം ചെയ്യാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക കുറവ് വരുത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്ര.നം | പ്രവൃത്തി | കരാറുകാരൻ | കരാർ തുക (രൂപ) | ഈടാക്കേണ്ട പിഴ (രൂപ) |
|---|---|---|---|---|
| 1 | ഉറുകുന്ന് ഗവ. എൽ.പി.എസ് മെയിന്റനൻസ് (29/23) | ശ്രീ.ജെ., ജയമോൻ | 3,38,789/- | 678/- |
| 2 | അഞ്ചേക്കർ അംഗനവാടി മെയിന്റനൻസ് (32/23) | ശ്രീ.എസ്.ഉദയകുമാർ | 2,09,418/- | 419/- |
| 3 | വെള്ളിമല ഗവ. ന്യൂ.എൽ.പി.എസ് മെയിന്റനൻസ്(28/23) | ശ്രീ. ഷിബു തോമസ് | 3,35,900/- | 672/- |
| 4 | അമ്പിക്കോണം പാൽപ്പുര ജംഗ്ഷൻ കലയനാട് റോഡ് റീടാറിങ്ങും ഐറിഷ് ഡ്രയിൻ നിർമ്മാണവും (138/23) | ശ്രീ. രാജേഷ് കുമാർ | 8,47,178/- | 1,694/- |
| 5 | നാലുതാം മൈൽ കാര്യറ റോഡിന് ഓട നിർമ്മാണം (178/23) | ശ്രീ. ദാമോദരൻ പിള്ള | 4,66,218/- | 932/- |
| 6 | നാഗമല വാർഡിലെ വെയിറ്റിംഗ് ഷെഡ്ഡുകളുടെ നവീകരണം (190/23) | ശ്രീ.ഷിബു തോമസ് | 1,69,465/- | 339/- |
| 7 | ഉറുകുന്ന് ജി.എൽ.പി.എസ്-ന് അധിക സൌകര്യമൊരുക്കൽ (191/23) | ശ്രീ.ഷിബു തോമസ് | 5,65,293/- | 1,131/- |
| 8 | ഉറുകുന്ന് ഒറ്റക്കൽ റയിൽവേ സ്റ്റേഷൻ പള്ളിമുക്ക് റോഡ് പുനരുദ്ധാരണം (133/23) | ശ്രീ. സുരേന്ദ്രൻ പിള്ള | 40,03,783/- | 8,008/- |
| 9 | പഞ്ചായത്ത് ഓഫീസിന് അനുബന്ധ സൌകര്യ മൊരുക്കൽ (180/23) | ശ്രീ.ഷിബു തോമസ് | 11,50,992/- | 2,302/- |
| 10 | തേവർകുന്ന് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം | ശ്രീ.ബി. രാജേഷ് | 9,65,924/- | 1,932/- |

| | | | | |
|---|---|---|---|---|
| | (183/23) | | | |
| | | | ആകെ | 18,107/- |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4, തീ 16-10-2023) തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം – 4, തീ 16-10-2023

## 1-24 Compensation For Delay/Liquidated Charges ഈടാക്കിയില്ല.

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Work Manual 2012 (G.O.(P) No 13/2012/PWD, Dt 01-02-2012) സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (പി.എ.സി. തുകയുടെ 0.1% തുക വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽതുക അന്തിമ ബില്ലിൽനിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നല്കുവാൻ അനുവാദമുള്ളൂ. താഴെകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നല്കിയതായി കാണുന്നില്ല. അവസാന ബിൽ നല്കിയപ്പോൾ ചട്ട പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് | ചിറ്റാലംകോട് എം.സി.എഫ് ചുറ്റമതിൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും (55/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 11,50,000/- (ധന. ക. ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. അബ്ദുൾവഹാബ് |
| കരാർ | 06/AE/LSGD/TML/2021-22/,18-10-2021 |
| അന്തിമ ബിൽ തുക | ₹ 1,57,613/-(ACR ബിൽ നം – 519/30.03.2013) |
| കരാർ തുക | ₹ 7,19,003/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 27-10-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 23-01-2023 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 27-04-2022 |
| വൈകിയ കാലയളവ് | 271 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (7,19,003 X .1% X 271/7) = ₹ 27,836/- |
| ഈടാക്കിയ പിഴ | ഇല്ല |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹ 27,836/- |

(2)

| | |
|---|---|
| പ്രോജക്റ്റ് | തേവർകുന്ന്കുളം നവീകരണവും അനുബന്ധ പ്രവൃത്തികളും (166/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 10,00,000/- (ധ.ക. ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ.എസ്. പ്രസാദ് |
| കരാർ | 04/AE/LSGD/TML/2021-22/, 12-10-2021 |
| അന്തിമ ബിൽ തുക | 747416, ( ബിൽ നം. 115 തീ – 29-08-2022) |
| കരാർ തുക | ₹ 7,24,976/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 12-10-2021 (സ്ഥലം കൈമാറിയ തീയതി രേഖപ്പെടുത്താതെ ശൂന്യമായി കാണപ്പെട്ടിട്ടുള്ളതിനാൽ കരാർ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കുന്നു) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 14-07-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 11-04-2022 |
| വൈകിയ കാലയളവ് | 94 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (7,24,976 X .1% X 94/7) = ₹ 9,735/- |

| | |
|---|---|
| ഈടാക്കിയ പിഴ | ഇല്ല |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹ 9,735/- |

പിഴ ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-06, തീ 17-10-2023) വ്യക്തമായ മറുപടി നല്കിയിട്ടില്ല. 2 പ്രവൃത്തികളിലായി പിഴ ഇനത്തിൽ ഈടാക്കേണ്ട (27,836 + 9,735) 37,571/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം - 06, തീ 17-10-2023

## 1-25 പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനം.

2022-23 ൽ തെന്മല ഗ്രാമപഞ്ചായത്തിൽ 126 പൊതു ടാപ്പുകളാണ് സ്ഥാപിച്ചിരുന്നത്. ടാപ്പൊന്നിന് പ്രതിവർഷം 5,788.13/-രൂപാ ക്രമത്തിൽ പ്രതിമാസം 60,774/-രൂപയാണ് വെള്ളക്കരം ഇനത്തിൽ ഒടുക്കുവരുത്തിയിരുന്നത്. KWA/HO /RMC/941/2011, Dt 07-02-2023 പ്രകാരം പഞ്ചായത്ത് പ്രദേശത്തെ വെള്ളക്കരം ടാപ്പൊന്നിന് പ്രതിവർഷം 14,559.12/-രൂപയായി വർദ്ധിപ്പിച്ചതിനെത്തുടർന്ന് പ്രതിമാസം ഒടുക്കുവരുത്തേണ്ട തുക 1,52,870/-രൂപയായി വർദ്ധിച്ചു. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി 13-03-2023 ലെ 49(1) തീരുമാനപ്രകാരം കേരളാ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടെങ്കിലും നടപടി ഉണ്ടാകാത്ത സാഹചര്യത്തിൽ 08-05-2023 ലെ 11(1) തീരുമാനപ്രകാരം ആവശ്യമുള്ള ടാപ്പുകൾ മാത്രം നിലനിർത്തുന്നതിന് പൊതുജനങ്ങളുടെ ആവശ്യം അറിയുന്നതിന് പത്രപ്പരസ്യം നല്കുകയും, ആരും ആക്ഷേപം ഉന്നയിക്കാത്ത സാഹചര്യത്തിൽ അനിവാര്യമായ 6 ടാപ്പുകൾ മാത്രം നിലനിർത്തുകയും 120 ടാപ്പുകൾ വാട്ടർ അതോറിറ്റിയിൽ ഡിസ്കണക്ഷൻ ഫീസ് അടച്ച് ഒഴിവാക്കുകയും വാട്ടർ ചാർജ്ജ് പ്രതിമാസം 7,280/-രൂപയായി കുറയ്ക്കുകയും ചെയ്തു. ഇതുമൂലം പ്രതിവർഷം 17,47,080/-രൂപയുടെ അനാവശ്യ ചെലവ് ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. തികച്ചും മാതൃകാപരമായ പ്രവർത്തനമാണ് ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളത്.

## 1-26 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

(1) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മിക്ക പ്രവൃത്തികളും കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നില്ല. നിസ്സാര കാരണങ്ങൾ രേഖപ്പെടുത്തി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയും ഇതിനാൽ പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളായി മാറുകയും ചെയ്യുന്നു. തൻ വർഷവും സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ 3,58,03,485/-രൂപ അടങ്കൽതുക വരുന്ന പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 1,85,90,574/-രൂപാ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. (ചെലവ് ശതമാനം – 51.92)

2) ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല.

ഇ-ടെണ്ടർ മുഖേനയല്ലാതെ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമില്ല. നിരവധി പ്രവൃത്തികൾക്ക് തൻവർഷവും മാനവൽ ടെണ്ടർ രീതി അവലംബിച്ചിട്ടുണ്ട്. ഇപ്രകാരം ടെണ്ടർ ചെയ്തിട്ടുള്ള മിക്ക പ്രവൃത്തികളിലും 2 ടെണ്ടറുകൾ മാത്രം ലഭിക്കുന്നു. ( എസ്റ്റിമേറ്റ് നിരക്ക് 0.1% കുറവ് ). കരാറുകാർ തമ്മിലുള്ള ഒത്തുകളികൾക്ക് സാദ്ധ്യത നിലനില്ക്കുന്നു.

3) ഇൻഷുറൻസ് പോളിസി എടുക്കുന്നില്ല

കരാറുകാർ ഇൻഷുറൻസ് കവറേജ് എടുക്കുകയോ, എടുക്കാത്തവരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്യുന്നില്ല.
പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാനും, പരമാവധി പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം അവലംബിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി, വികസനകാര്യ സ്ഥിരം സമിതി എന്നിവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-27 ഹരിതകർമ്മസേന - പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 30 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഓരോ മാസവും വാതിൽപടി ശേഖരണം നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് സ്വകാര്യ കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഐ.ഡി. കാർഡ്, മറ്റ് സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. 2022-23 ൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചു. മിനി എം.സി.എഫിൽ നിന്നുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിക്കുന്നതിനുമായി എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ ബെയിലിംഗ് യൂണിറ്റ്, വെയ്യിംഗ് മെഷീൻ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തരംതിരിച്ച് ബെയിൽ ചെയ്ത് അജൈവ മാലിന്യം സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിലൂടെ അധികവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്നു. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

### ഹരിതകർമസേന – നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ

1) തെന്മല ഒരു മലയോര മേഖല ആയതുകൊണ്ട് തന്നെ ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഓരോ വാർഡുകളിലെയും ഉൾപ്രദേശങ്ങളിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ടുകൾ ഉണ്ട്.

2) ഹരിത കർമ്മ സേന അംഗങ്ങൾക്ക് യൂസർ ഫീ നൽകാത്ത ആളുകളുണ്ട്. അതുപോലെതന്നെ ഓൺലൈൻ പേമെന്റ്

അടയ്ക്കുവാനുള്ള സംവിധാനം ഉണ്ടെങ്കിൽ ജനങ്ങൾക്ക് നേരിട്ട് ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ യൂസർ ഫീ അടക്കുവാൻ സാധിക്കും.

3) ഒരു ഇന്റർനെറ്റ് കണക്റ്റഡ് പോർട്ടബിൾ ബിൽ പ്രിന്റിങ് മെഷീൻ എല്ലാ ഹരിത കർമ്മ സേന അംഗങ്ങൾക്കും ഉണ്ടെങ്കിൽ വീട്ടുനമ്പർ അല്ലെങ്കിൽ ഉടമയുടെ ഫോൺ നമ്പർ ടൈപ്പ് ചെയ്യുമ്പോൾ എല്ലാ വിവരങ്ങളും ലഭ്യമാകുകയും വരവിന്റെ കൃത്യത ഉറപ്പാവുകയും ചെയ്യും.

4) നിലവിൽ ഒരു ട്രാക്ടർ ആണ് തെന്മല ഗ്രാമപഞ്ചായത്തിന് ഉള്ളത്. അത് ഹരിത കർമ്മ സേനയുടെ പൂർണതോതിലുള്ള പ്രവർത്തനത്തിന് ഫലപ്രദമാകുന്നില്ല. മൊത്തം 16 വാർഡുകളാണ് തെന്മല ഗ്രാമപഞ്ചായത്തിന് ഉള്ളത് ഓരോ 5 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു വാഹനം ഉണ്ടെങ്കിൽ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മിനി MCF ൽ കൃത്യസമയത്ത് എത്തിക്കാൻ സാധിക്കും.

6) ഓരോ വീടിനും സ്ഥാപനത്തിനും വേസ്റ്റ് ബിൻ ഏർപ്പെടുത്തുവാൻ സാധിച്ചാൽ ഹരിത കർമ്മ സേന അംഗങ്ങൾക്ക് നേരിട്ട് തന്നെ ആ വേസ്റ്റ് ബിന്നിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ സാധിക്കും.

7) ഹരിത കർമ്മ സേന അംഗങ്ങൾ ശേഖരിക്കുന്ന തുണി മാലിന്യങ്ങൾ നിലവിൽ സ്വകാര്യ ഏജൻസികൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. MCF ൽ തുണി മാലിന്യങ്ങൾ കഴുകി ഉണക്കാൻ വാഷിംഗ് മെഷീൻ ഉണ്ടെങ്കിൽ അവർക്ക് അത് കഴുകി ഉണക്കി തുണി സഞ്ചികൾ തയ്ച്ച് ഒരു സംരംഭമായി തുടങ്ങാം. അതിൽ നിന്ന് ഹരിത കർമ്മ സേന അംഗങ്ങൾക്ക് അധിക വരുമാനവും ലഭിക്കും.

നിർദ്ദേശങ്ങൾ

1. 100% യൂസർ ഫീ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിന്നും നൽകുന്ന (തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ) എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മ സേനയുടെ രസീത് നിർബന്ധമാക്കുക (ഇപ്പോൾ ലൈസൻസിന് മാത്രമാണ്). കൃത്യമായ കലണ്ടർ തയാറാക്കുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും വേണം.
2. സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഹരിത കർമ്മസേന യൂസർ ഫീ രസീത് നിർബന്ധമാക്കുക.
3. പൊതുജനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പത്ര-മാധ്യമങ്ങൾ വഴിയും ദൃശ്യമാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും നിരന്തരമായ ബോധവൽക്കരണ പ്രചാരണം നടത്തുക.
4. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുക. സേനയുടെ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പ്രതിമാസ അവലോകനം നടത്തേണ്ടതും യോഗത്തിന്റെ മിനിട്സ് സൂക്ഷിക്കേണ്ടതുമാണ്.
5. വനമേഖലയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള അടിയന്തിര തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്.
6. സ്ഥാപനങ്ങളിൽ നിന്ന് ഓരോ മാസവും ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമായ രീതിയിൽ യൂസർ ഫീ നിശ്ചയിക്കുന്നത് പരിഗണിക്കാവുന്നതാണ്.
7. എം.സി.എഫ് ൽ ഹരിത കർമ്മസേനാംഗങ്ങൾക്കുള്ള എല്ലാവിധ ഭൗതികസാഹചര്യങ്ങളും ക്രമീകരിക്കേണ്ടതാണ്.
8. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിന് അനുരൂപമാം വിധം ഇതര പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. (ജൈവവള നിർമ്മാണം, തുണി സഞ്ചി നിർമ്മാണം. )
9. 2016 ലെ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അശാസ്ത്രീയമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഹരിതകർമ്മസേന വരവ് - ചെലവ് റിപ്പോർട്ട് 2022-2023

| മാസം | യൂസർ ഫീ (രൂപ) | നൽകിയ വേതനം (രൂപ) | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (KG) | കൈമാറിയ മാലിന്യത്തിന്റെ അളവ് (KG) |
|---|---|---|---|---|
| ഏപ്രിൽ | 0 | 9,856/- | 1000 Kg | 907 Kg |
| മെയ് | 54,195/- | 54,195/- | 2210 Kg | 1690 Kg |
| ജൂൺ | 60,530/- | 60,530/- | 1950 Kg | 1510 Kg |
| ജൂലൈ | 1,07,316/- | 1,07,316/- | 2325 Kg | 0 |
| ആഗസ്റ്റ് | 1,10,605/- | 1,10,605/- | 1980 Kg | 3460 Kg |
| സെപ്തംബർ | 0 | 0 | 0 | 0 |
| ഒക്ടോബർ | 1,68,207/- | 1,81,200/- | 1250 Kg | 1150 Kg |
| നവംബർ | 1,76,660/- | 1,78,800/- | 1570 Kg | 980 Kg |
| ഡിസംബർ | 1,97,710/- | 1,89,000/- | 1756 Kg | 0 |
| ജനുവരി | 1,81,410/- | 1,50,600/- | 1250 Kg | 0 |

| | | | | |
|---|---|---|---|---|
| ഫെബ്രുവരി | 1,86,690/- | 2,01,300/- | 1100 Kg | 2250 Kg |
| മാർച്ച് | 1,77,030/- | 1,71,000/- | 990 Kg | 820 Kg |
| ആകെ വരവ് | 14,20,353/- | | | |
| ചെലവ് | 14,14,402/- | | | |

1-28 തനത് വരുമാനം

വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ഇതിനായുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല അതുമൂലം നികുതി നഷ്ടമുണ്ടാകുന്നു. (ഖണ്ഡിക 1-11, 1-12)

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023 /തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 08.05.2023-ലെ 2/1-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

5. തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അതുപ്രകാരം സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഖണ്ഡിക 1-13)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ചിറ്റാലംകോട് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 452 ക്യുബിക് മീറ്റർ മണ്ണ് ലേലം ചെയ്തില്ല.

ചിറ്റാലംകോട് എം.സി.എഫ് ചുറ്റമതിൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും (55/23) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചിറ്റാലംകോട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്തിട്ടുള്ള മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 09-06-2022 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 10 (1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് തെന്മല ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ മണ്ണിന്റെ അളവ് രേഖപ്പെടുത്തുകയും, 23-07-2022 ൽ സെക്രട്ടറിക്ക നല്കിയ AE/LSGD/TML/2022/07 നമ്പർ കത്തു പ്രകാരം 81,003/-രൂപ മണ്ണിന് വില വരുന്നതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (452 ക്യൂബിക് മീറ്റർ @179.21/cum = 81,003/-രൂപ) മണ്ണ് ലേലം ചെയ്ത് തുക ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07, തീ 17-10-2023) മണ്ണ് ലേലം ചെയ്തിട്ടില്ലായെന്നും ഇതുമായി ബന്ധപ്പെട്ട തുക ഒന്നുംതന്നെ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം, അസി.എഞ്ചിനീയറുടെ മൂല്യ നിർണ്ണയം എന്നിവ ഉണ്ടായിട്ടും 452 ക്യൂബിക് മീറ്റർ മണ്ണ് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയോ, ലേലം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ആയതിന്റെ മതിയായ കാരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 452 ക്യൂബിക് മീറ്റർ മണ്ണിന് അസി. എഞ്ചിനീയർ കണക്കാക്കിയ മൂല്യ നിർണ്ണയ തുകയായ 81,003/-രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

ഓഡിറ്റ് അന്വേഷണം നം - 07, തീ 17-10-2023
നഷ്ടം – 81,003/-രൂപ

## 2-2 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 10 ൽ 859 മുതൽ 872 വരെ കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ, ആർ.കെ.പി ബിൽഡിംഗ്, ഇടമൺ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 859 മുതൽ 872 വരെ കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിൽ ലക്കി ഹൈപ്പർ മാർക്കറ്റ് എന്ന പേരിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്. ആകെ വിസ്തീർണ്ണം 393.28 ച.മീറ്ററുള്ള മേൽ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവയായി വിഭജിച്ച് 14 കെട്ടിടനമ്പറുകൾ നൽകി 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 40/-രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ചയിച്ചത്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. പ്രകാരം 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതുപ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | ഉപയോഗക്രമം/നിരക്ക് | നിശ്ചയിച്ച വസ്തുനികുതി 20% വർദ്ധനവ് (₹) | വിസ്തീർണ്ണം (ച.മി.) | ഉപയോഗക്രമം/ നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 10/ 859 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 860 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 861 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,241/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,415/- |
| 10/ 862 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 28.8 ച.മി. | വാണിജ്യം/ 40 ച.മീ | 1,383/- | 28.8 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,110/- | 1,727/- |
| 10/ 863 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.4 ച.മി. | വാണിജ്യം/ 40 ച.മീ | 1,460/- | 30.4 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,283/- | 1,823/- |
| 10/864 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.86 ച.മി. | വാണിജ്യം/ 40 ച.മീ | 1,482/- | 30.86 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,332/- | 1,850/- |
| 10/ 865 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 32.78 ച.മി. | വാണിജ്യം/ 40 ച.മീ | 1,574/- | 32.78 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,540/- | 1,966/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10/ 866 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി. | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി. | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |
| 10/ 867 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |
| 10/ 868 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 24.6 ച.മി | വാണിജ്യം/ 40 ച.മീ | 1,181/- | 24.6 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 2,656/- | 1,475/- |
| 10/ 869 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 28.8 ച.മി | വാണിജ്യം/ 40 ച.മീ | 1,383/- | 28.8 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,110/- | 1,727/- |
| 10/ 870 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.4 ച.മി | വാണിജ്യം/ 40 ച.മീ | 1,460/- | 30.4 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,283/- | 1,823/- |
| 10/ 871 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 30.86 ച.മി | വാണിജ്യം/ 40 ച.മീ | 1,482/- | 30.86 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,332/- | 1,850/- |
| 10/ 872 | ശ്രീമതി.ശ്യാമള ആർ.കെ.പിള്ള/ശ്യംലാൽ | 32.78 ച.മി | വാണിജ്യം/ 40 ച.മീ | 1,574/- | 32.78 ച.മി | സൂപ്പർ മാർക്കറ്റുകൾ/ 90 ച.മി | 3,540/- | 1,966/- |
| | | | ആകെ | 19,064/- | | | 42,466/- | 23,402/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം- 03/16-10-2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 90/-രൂപ നിരക്കിൽ പുനർ നിർണ്ണയിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടം ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 3/16-10-2023

നഷ്ടം – 23,402/-രൂപ

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 13.10.23 | കെ.എസ്.എ.കെ.എൽ.എം.പി.1/1820/23 തീയതി – 13.11.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | 126/23 ദാരിദ്ര്യ ലഘൂകരണ മൈക്രോ പ്ലാൻ | 1,00,000/- | - |
| | 2022-23 | 8,20,000/- | 81/23 ലൈഫ് – ഭവന നിർമ്മാണം – ജനറൽ | 8,20,000/- | |
| | 2022-23 | 4,60,288/- | 82/23 ലൈഫ് ഭവന നിർമ്മാണം – എസ്.സി | 4,60,288/- | |
| | 2022-23 | 4,00,000/- | 83/23 എസ്.സി വിഭാഗത്തിന് ലൈഫ് ഭവനപദ്ധതി | 4,00,000/- | |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 7,80,000/- | 128/23 ലൈഫ് ഭവന നിർമ്മാണം – എസ്.സി | 7,80,000/- | |
| | 2022-23 | 5,80,000/- | 103/23 ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണം | 5,80,000/- | |
| | 2022-23 | 1,00,000/- | 4/23 അനുപൂരക പോഷകാഹാരം | 1,00,000/- | |
| | 2022-23 | 1,00,000/- | 74/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | |
| | | | ആകെ | 33,40,288/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,80,000/- | 128/23 ലൈഫ് ഭവന നിർമ്മാണം- എസ്.സി | 3,80,000/- | |
| | 2022-23 | 2,40,000/- | 103/23 ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണം | 2,40,000/- | |
| | 2022-23 | 86,814/- | 4/23 അനുപൂരക പോഷകാഹാരം | 86,814/- | |
| | 2022-23 | 1,20,000/- | 74/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,20,000/- | |
| | 2022-23 | 5,00,000/- | 23/23 അനുപൂരക പോഷകാഹാരം (എസ്.സി.പി) | 5,00,000/- | |
| | | | ആകെ | 13,26,814/- | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| GWD | ചിറ്റാലംകോട് കുടിവെള്ളപദ്ധതിക്ക് സൗകര്യം ഒരുക്കൽ 184/23 | 22201279/ 31-03-23 | 1,29,600/- | - | 1,29,600/- |
| KWA | ജലജീവൻ പദ്ധതി 66/23 | 27/27-01-23 | 10,00,000/- | - | 10,00,000/- |
| KSEDC | പഞ്ചായത്ത് ഓഫീസ് നവീകരണം 199/23 | 45/29-03-23 | 3,91,689/- | - | 3,91,689/- |
| KSEB Thenmala | തേവർകാട് കുടിവെള്ളപദ്ധതി വൈദ്യുതി കണക്ഷൻ 177/23 | 22201298/31-03-23 | 2,96,038/- | - | 2,96,038/- |
| KSEB Punalur | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 5/23 | 13/19-09-22<br>22/11-11-22<br>43/25-03-23<br>43/25-03-23 | 2,48,508/-<br>3,97,672/-<br>2,12,400/-<br>1,95,491/- | - | 2,48,508/-<br>3,97,672/-<br>2,12,400/-<br>1,95,491/- |
| KSEB Thenmala | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 111/23 | 22201220/ 23-03-23 | 28,048/- | - | 28,048/- |
| KSEB Punalur | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 75/23 | 36/27-02-23 | 17624/- | - | 17624/- |
| KSEB Thenmala | പത്തേക്കർ കുടിവെള്ള പദ്ധതിക്ക് സിംഗിൾ ഫെയ്സ് ലൈൻ 232/23 | 817512/ 20-03-23 (61,201/-) 817524/ 28-03-23 (13,799/-) | 75,000/- | - | 75,000/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,46,00,000/-രൂപ വരവുണ്ട്. മുൻബാക്കി 2,28,000/-രൂപയടക്കം 2,48,28,000/-രൂപയിൽ 2,16,50,000/-രൂപ (സുലേഖാ പത്രികയിലെ ചെലവ് പ്രകാരം) വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | ലഭ്യമല്ല. | 2,46,00,000/- | 3,39,00,961/- (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 55,12,600/- | - | 5,29,88,361/- |

വായ്പയിനത്തിലെ മുന്നിരിപ്പ് സംബന്ധിച്ച അപാകത ഭാഗം – 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 4,000/- |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,350/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | രസീത് നം/തീയതി |
|---|---|---|---|
| 2007-08 | 2 (6) | 2,600/- | 1220101591/20-7-22 |
| 2008-09 | 2 (4) | 2,500/- | 1220101592/20-7-22 |
| 2014-15 | 2 (1)c | 1,250/- | 1220102228/24-8-22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35 | 2002-03 | VII-2-(5) | തെൻമല മാർക്കറ്റ് റോഡ് ഉദ്ധാരണം | ലഭ്യമല്ല. |
| 2004-05 | 3-4 | 2010-11 | 5-2.6(1) | SGRY ഗാന്ധി ജം.-ഏലാ റോഡ് പണി പൂർത്തീകരിച്ചില്ല. | ലഭ്യമല്ല |
| 2005-06 | 3-13 | 2010-11 | 5-2.6(1) | മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | ലഭ്യമല്ല. |
| 2008-09 | 3-13 | 2010-11 | 5-2.6 (2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്- ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ച | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |
| 2008-09 | 3-5 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | ലഭ്യമല്ല. |

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 81,003/- | | ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി |
| 2-2 | 23,402/- | | ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി |
| 1-24 | | 27,836/- | ശ്രീ.ബിനിൽകുമാർ എസ്.എസ്, അസി.എഞ്ചിനീയർ |
| 1-24 | | 9,735/- | ശ്രീ.അഭിലാഷ് എസ്.എച്ച്, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,63,957/- | ഡോ.രശ്മി യു.ആർ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-16 | 3,05,250/- | ശ്രീമതി നജ്മുന്നിസ, വി ഇ ഒ |
| 1-17 | 1,50,000/- | ഡോ.രശ്മി യു.ആർ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-19 | 24,000/- | ശ്രീ. സുരേഷ് ഇ.എ, വി.ഇ.ഒ. |
| 1-20 | 50,000/- | ശ്രീ. സുരേഷ് ഇ.എ, വി.ഇ.ഒ. |
| 1-22 | 29,92,070/- | ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി | സെക്രട്ടറി, തെന്മല ഗ്രാമപഞ്ചായത്ത് | ശ്രീശാന്തി, ഇടയ്ക്കിടം പി ഒ, ഇടയ്ക്കിടം |
| ഡോ.രശ്മി യു.ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി കാക്കനാട്, തൃക്കാക്കര മുൻസിപ്പാലിറ്റി | പ്രണവം, ഒറ്റക്കൽ റെയിൽവേ സ്റ്റേഷന് സമീപം, ഉറുകുന്ന് പി ഒ |
| ശ്രീ.അഭിലാഷ് എസ്.എച്ച്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അടൂർ മുൻസിപ്പാലിറ്റി | തൈപ്ലാവിള വീട്, തഴമേൽ, അഞ്ചൽ |
| ശ്രീ.ബിനിൽകുമാർ എസ്.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തെന്മല ഗ്രാമപഞ്ചായത്ത് | സുജന മന്ദിരം, തേവന്നൂർ പി.ഒ, ആയൂർ, കൊല്ലം. 691533 |
| ശ്രീമതി നജ്മുന്നിസ, വി.ഇ.ഒ | വി.ഇ.ഒ., കാട്ടാക്കട ഗ്രാമപഞ്ചായത്ത് | നാസ് വില്ല, ഊന്നംകല്ല്, കുമ്മിൾ |
| ശ്രീ. സുരേഷ് ഇ.എ, വി.ഇ.ഒ. | വി.ഇ.ഒ., കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | സുരേഷ് ഭവൻ, തഴമേൽ, അഞ്ചൽ പി ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(4)/18 തീയതി-02/03/18 | 4 |

| | | |
|---|---|---|
| 1998-1999 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(5)/18 തീയതി-02/03/18 | 1 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(6)/18 തീയതി-02/03/18 | 3 |
| 2000 -01 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(7)/18 തീയതി-02/03/18 | 11 |
| 2001 -02 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(8)/18 തീയതി-02/03/18 | 12 |
| 2002 -03 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(9)/18 തീയതി-02/03/18 | 10 |
| 2003 -04 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(10)/18 തീയതി-02/03/18 | 4 |
| 2004 -05 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(11)/18 തീയതി-02/03/18 | 4 |
| 2005 -06 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(12)/18 തീയതി-02/03/18 | 5 |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14, തീയതി 19.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14, തീയതി 19.06.14 | 15 |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14, തീയതി 19.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14, തീയതി 19.06.14 | 7 |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14, തീയതി 19.06.14 | 11 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത്2011-12, തീയതി 23.08.2022 | 19 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത് 2013-14 &2014-15, തീയതി 23.08.2022 | 12 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത് 2015-16, തീയതി 23.08.2022 | 5 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം.പി /1 /1778/2017/ 30.10.17 | 11 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം.പി /1 /328/2019/ 14.01.2020 | 11 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം.പി /1 /14.01.2020 | 30 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം.പി 1 /408/2022/22.06.22 | 38 |
| 2020-21 | കെ.എസ്.എ.-കെ.എൽ.എം.പി 1 /409 /2022/ 23/07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.-കെ.എൽ.എം.പി 1 /179/2023/ 04.04.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 07-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thenmala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thenmala Grama Panchayat for the year 2022-2023

Date: 13/11/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Thenmala Grama Panchayat for the Year 2022-2023.**

**1.Major Observations**

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit

Comments relating to Ratios
Comments relating to Notes to account

2. Amount not paid from treasury has not been excluded from web saankhya ACR

3. CFC - Tied & Untied expenditure does not match with AFS.
4.The Closing Balance of CFC-Tied & Untied not reconcile with Bank book.
5.The Opening Balance of CFC-Tied & Untied not reconcile with Bank book.
6. KURDFC Loan amount does not match with AFS.

7. The block panchayat share included in B-4 shedule not match with Joint Venture A/C.

8. Directly Debited by Bank-further action not taken.
9. The Closing balance of TSC does not match with AFS.
10. The authenticity of the amount included in AFS as liability is not reliable for audit.
11. The Registers are not maintained properly/not reliable for audit.
- Contractors retention of other deposits

12. Advance to implementing agencies not included in AFS.
13. The Expenditure for Widow Pension not included in AFS.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്